കേരള സാഹിത്യ അക്കാദമി
തൃശൂർ
08.02.2018

പത്രക്കുറിപ്പ്

# സാഹിത്യ അക്കാദമിയിലെ കവിസമ്മേളനം അസഹിഷ്ണുതക്കെതിരായ നൈതികജാഗ്രത

തൃശൂർ : ഹിംസക്കും വരേണ്യതക്കുമെതിരെ ഉണർന്നിരിക്കുന്ന നൈതികജാഗ്രതയാണ് കവിതയെന്ന മാധ്യമമെന്ന് വിളംബരം ചെയ്തുകൊണ്ട് കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവ വേദിയിൽ കവിസമ്മേളനം അരങ്ങേറി. എതിരഭിപ്രായങ്ങളെ ആയുധംകൊണ്ട് നേരിടുന്ന അസഹിഷ്ണുതക്കെതിരായ വികാരമാണ് കവികൾ പങ്കുവെച്ചത്. കവിത നാം വായിച്ച് കണ്ടെത്തേണ്ടതാണെന്നും കാലത്തിന്റെ നൊമ്പരവും പ്രതിഷേധവും കവിതയിലുണ്ടാവുന്നത് സ്വാഭാവികമാണെന്നും കവിസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച എസ്.ജോസഫ് അഭിപ്രായപ്പെട്ടു.

ഏറ്റവും ആഴമുള്ള വിനിമയമാധ്യമമാണ് കവിതയെന്നും കാലത്തെ നന്നായി ആവിഷ്കരിക്കാൻ അതിന് കഴിയുമെന്നും കവിസമ്മേളനം ഉദ്ഘാടനം ചെയ്ത ഡോ.സി.രാവുണ്ണി പറഞ്ഞു.

പി.എൻ.ഗോപീകൃഷ്ണൻ, കെ.ആർ.ടോണി, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ലോപ, ഗിരിജ പാതേക്കര, കെ.വി.ബേബി, പവിത്രൻ തീക്കുനി, വർഗീസാന്റണി, സെബാസ്റ്റ്യൻ, ഹരിനാരായണൻ, ഇ.സന്ധ്യ, ഡോ.ആർ.ശ്രീലതാവർമ, ശൈലൻ, ബൃന്ദ, പി.ആർ.രതീഷ്, ഡോ.പി.സജീവ്കുമാർ, അലി കടുകശേരി, അഗസ്റ്റിൻ കുട്ടനെല്ലൂർ, അശോകൻ പുത്തൂർ, ചേറ്റുപുഴ ഗോപാലകൃഷ്ണൻ, നടുവം സത്യൻ, ബക്കർ മേത്തല, രാധിക സനോജ് എന്നിവർ കവിതകൾ അവതരിപ്പിച്ചു. ശശിധരൻ കളത്തിങ്കൽ സ്വാഗതവും ടി.യു.അനിൽകുമാർ നന്ദിയും പറഞ്ഞു.

## റഫീക്കിന്റെ കവിത സംസ്കാരത്തിന്റെ വഴിയടയാളം : ആലങ്കോട്

തൃശൂർ : സംസ്കാരത്തിന്റെ വഴിയടയാളങ്ങൾ തിളങ്ങുന്ന ജൈവസർഗാത്മകത റഫീക്ക് അഹമ്മദിന്റെ കവിതയുടേയും പാട്ടിന്റേയും സവിശേഷതയാണെന്ന് ആലങ്കോട് ലീലാകൃഷ്ണൻ പറഞ്ഞു. സൂഫിസത്തിന്റെ ഉന്നതമായ  കാവ്യസംസ്കൃതി അതിൽ കാണാം. ജനാധിപത്യത്തിന്റേയും ബഹുസ്വരതയുടേയും ആഴങ്ങളും അവിടെയുണ്ട്. കൊച്ചുകൊച്ചുകാര്യങ്ങളിൽനിന്ന് വലിയവലിയ ജീവിതദർശനങ്ങൾ കവിതയിലൂടെ രൂപപ്പെടുത്താനുള്ള ആന്തരികശേഷി റഫീക്കിനുണ്ട്. പി.ഭാസ്കരന്റേയും വയലാറിന്റേയും ഒഎൻവിയുടേയും കാവ്യസംസ്കൃതിയുടെ തുടർച്ചകൾ റഫീക്കിനുണ്ടെന്നും ആലങ്കോട് പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ശ്രീശോഭ് എഴുതിയ 'റഫീക്ക് അഹമ്മദ് : പാട്ടുവഴിയോരത്ത്' എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ പുസ്തകം സ്വീകരിച്ചു. സുബാഷ് പൂങ്ങാട്ട് അധ്യക്ഷനായി. ഹരിനാരായണൻ, വി.ശോഭ, സനിത അനൂപ് തുടങ്ങിയവർ സംസാരിച്ചു.

കലവൂർ രവികുമാറിന്റെ 'നക്ഷത്രങ്ങളുടെ ആൽബം' എന്ന നോവൽ ബിന്ദു കൃഷ്ണന് നൽകി ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് പ്രകാശനം ചെയ്തു. ഹരിനാരായണൻ, ഇർഷാദ്, കലവൂർ രവികുമാർ, നിയാസ് ബക്കർ, വി.ശോഭ എന്നിവർ സംസാരിച്ചു.

കെ.നിതിന്റെ 'മഞ്ഞച്ചെമ്പകം പൂത്ത കാവ്' കഥാസമാഹാരം കെ.അയ്യപ്പൻനായർക്ക് നൽകി വൈശാഖൻ പ്രകാശനം ചെയ്തു. ഈ.ഡി.ഡേവീസ് അധ്യക്ഷനായി. വർഗീസാന്റണി, വി.കെ..കെ.രമേഷ്, ഉഷ ടീച്ചർ, മധു നുറുങ്ങ്, കെ.എസ്.സുനിൽകുമാർ എന്നിവർ സംസാരിച്ചു.

രാവിലെ നടന്ന സാഹിത്യക്വിസ്സിൽ ഷിബിൻ മോഹൻ പി. & ഹിലാൽ ബഷീർ എ.പി., ഗവ.കോളേജ്, മടപ്പള്ളി എന്നിവർ ഒന്നാംസ്ഥാനവും ആർ.ആദർശ് & അഖിൽ ആർ., ശ്രീനാരായണ കോളേജ്, കൊല്ലം എന്നിവർ രണ്ടാംസ്ഥാനവും അനശ്വർ കൃഷ്ണദേവ് ബി. & വിജയകുമാർ എ., ശ്രീശങ്കാരാചാര്യ സർവകലാശാല, കാലടി എന്നിവർ മൂന്നാംസ്ഥാനവും നേടി.

വൈകീട്ട് രാജശ്രീവാര്യരുടെ ലങ്കാലക്ഷ്മി നൃത്താവിഷ്കാരം അരങ്ങേറി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

## ഇന്നത്തെ പരിപാടി (09.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ ഇന്ന് 10.30ന് പൊതുജനപ്രശ്നോത്തരി, 2ന് ഡോക്യുമെന്ററി പ്രദർശനം, 3ന് പുസ്തകപ്രകാശനം, 5ന് 'ഐക്യകേരളത്തിലെ സ്ത്രീജീവിതവും ഇന്ത്യയും' സെമിനാർ. ഉദ്ഘാടനം - മന്ത്രി വി.എസ്.സുനിൽകുമാർ, മുഖ്യപ്രഭാഷണം - ഡോ.എസ്.ശാരദക്കുട്ടി, 6.30ന് തൃശൂർ രംഗചേതന അവതരിപ്പിക്കുന്ന നാടകങ്ങൾ - അശ്വമേധം, ജാരൻ.